28383/17


# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ.പി.ഒ, തിരുവനന്തപുരം - 3

ഫോൺ : 0471 2737240, 0471 2737229, 0471 2737 232

email – sc.directorate@gmail.com


'ഭരണഭാഷ മാതൃഭാഷ'

## ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, ചേളന്നൂർ, കോഴിക്കോട്
## പരിശോധന റിപ്പോർട്ട്

പരിശോധനാ കാലയളവ് : 01/04/2014 മുതൽ 31/08/2017 വരെ

പരിശോധനാ തീയതി : 18/09/2017 മുതൽ 20/09/2017 വരെ

പരിശോധനാ വിഭാഗം : ഫിൻ.ഡി. ഓഡിറ്റ് വിഭാഗം
പട്ടികജാതി വികസന ഡയറക്ടറേറ്റ്

പരിശോധനാ നടത്തിയ ഉദ്യോഗസ്ഥർ : സീനിയർ സൂപ്രണ്ട് - സുനിൽ.ജി
സീനിയർ ക്ലാർക്ക് - നീധീഷ്.എം.എ

**പരിശോധന കാലയളവിൽ ചുമതല വഹിച്ചിരുന്ന ഓഫീസർമാർ**

1. ശ്രീ. എൻ.റ്റി.കെ. ശ്രീധരൻ : 01/04/2014 മുതൽ 16/10/2015വരെ
2. ശ്രീ.ഷാജു.കെ.കെ :17/10/2015 മുതൽ 24/10/2016 വരെ
3. ശ്രീമതി അനിത.റ്റി.കെ : ~~03~~ 31/10/2016 മുതൽ 14/09/2017 വരെ

**ആമുഖം**

**മുൻ കാലയളവിലെ പരിശോധന സംബന്ധിച്ച്**

I. **വകുപ്പുതല പരിശോധന**

01/04/13 മുതൽ 31/03/14 വരെ കാലയളവിലെ കണക്കു പരിശോധന പട്ടികജാതി വികസന വകുപ്പിലെ ഓഡിറ്റ് വിഭാഗം നടത്തിയതിന് മറുപടി നൽകിയിട്ടുണ്ട്. ടി പരിശോധന റിപ്പോർട്ടിൽ അവശേഷിക്കുന്ന ഭാഗങ്ങൾക്കുള്ള മറുപടി നൽകേണ്ടതാണ്.

II. **അക്കൗണ്ട് ജനറലിന്റെ പരിശോധന**

31/03/17 വരെയുള്ള അക്കൗണ്ട് ജനറലിന്റെ പരിശോധന പൂർത്തിയായിട്ടുണ്ട്. ആയതിനുള്ള മറുപടി നൽകി പരാമർശങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന ഖണ്ഡിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | OA(HQ)IV/11/12-277/12-13 | Part IIA -1 |
| 2 | OA(HQ)IV/11/12-153/13-14 | Part II B -1,III |
| 3 | OA(HQ)IV/11/12-211/14-15 | Part IIB -1I-III |
| 4 | OA(HQ)IV/11/12-190/15-16 | Part IIB -1 to V |

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം- 3
Phone No. 0471-2737240, 0471-2737229, 0471-2737232
*Email – sc.directorate@gmail.com*

---

**ഡെവ. സി1 – 29084/17** **തീയതി : 26.10.2017**

ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി,
തിരുവനന്തപുരം.

സർ,

വിഷയം :- പട്ടികജാതി വികസനം- ചികിത്സാ ധനസഹായം ഉത്തരവിനോടൊപ്പം ലഭിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത അപേക്ഷ തിരിച്ചയക്കുന്നത് സംബന്ധിച്ച്.

സൂചന:- സ.ഉ. (സാധാ) നം. 2184/17/പജപവവിവ തീയതി 23.08.2017

**********

സൂചനയിലേക്കും വിഷയത്തിലേക്കും സർക്കാരിന്റെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. മേൽ ഉത്തരവിനോടൊപ്പം ലഭിച്ച ലിസ്റ്റിൽ ഉൾപ്പെടാത്ത ഒരു അപേക്ഷയും അനുബന്ധരേഖകളും (നാരായണൻ.സി.കെ കുന്നാറവീട്, ചട്ടംഞ്ചാൽ) ഇതോടൊപ്പം മടക്കുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
**ഡയറക്ടർ**

**ഡയറക്ടർക്കുവേണ്ടി,**
**ജോയിന്റ് ഡയറക്ടർ (വികസനം)**

*ഇ എസ്. 01.11.2017*

മേൽ പരാമർശങ്ങൾക്ക് മറുപടി നൽകി ഫയൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

01/04/2014 മുതലുളള പരിശോധനാ റിപ്പോർട്ട് താഴെ കൊടുക്കുന്നു.

ഭാഗം - I

A ക്യാഷ്ബുക്ക്/ ബിൽബുക്ക്:-

(1) 22/05/14 മുതൽ 05/01/2015 വരെയുളള നമ്പർ 17/05/15 മുതൽ 15/12/15 വരെയുളള രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) 16/07/2015-ൽ ക്യാഷ് ബുക്കിലെ വെട്ടിത്തിരുത്ത് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(3) 31/01/16 മുതലുളള തീയതികളിൽ ഡെയ്‌ലി ക്ലോസിംഗ് ബാലൻസ് സർട്ടിഫിക്കറ്റിൽ തീയതി, ക്ലോസിംഗ് ബാലൻസ് തുക മുതലായവ എഴുതി കാണുന്നില്ല. 17/05/16 വരെ തീയതികളിൽ ഇതു തുടരുന്നു.

(4) 16/12/15 മുതൽ 13/07/16 വരെ രജിസ്റ്ററിൽ പല തീയതികളിലും ക്യാഷ് ബുക്ക് എഴുതിയിട്ടില്ല.

ഉദാ:- 13/05/16 മുതൽ 16/05/16 വരെ

18/05/16, 24/05/16, 01/06/16 മുതൽ 05/06/16 വരെ ഇങ്ങനെ തുടർച്ചയായി തീയതികളിൽ ക്യാഷ് ബുക്ക് എഴുതാതിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

(5) CB.No80/16-17 C/o 30/03/17 പ്രകാരമുളള ബിൽ ക്യാഷ് ബുക്കിൽ വരവു കാണിച്ചിട്ടില്ല.

(6) ക്യാഷ് ബുക്കിൽ ഓഫീസറുടെ ഒപ്പിനു താഴെ ഓഫീസ് സീൽ പതിച്ച് സൂക്ഷിച്ചിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

B. പേ ബിൽ രജിസ്റ്റർ

തൃപ്തികരമായി പരിപാലിച്ചു വരുന്നു.

C. കണ്ടിജന്റ് രജിസ്റ്റർ

തൃപ്തികരമായി പരിപാലിച്ചു വരുന്നു. മറ്റ് പരാമർശമില്ല

D. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

1. 07/07/1988-ലെ ജി.ഒ(എം.എസ്) നം30/88 പി & എ.ആർ.ഡി ഉത്തരവു പ്രകാരമുളള ദ്വൈവാരിക ഭൗതിക പരിശോധന സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി വരുന്നില്ല.
2. 31/08/2016 -നു ശേഷം Postal stamp വാങ്ങിയിട്ടില്ലാത്തതായി കാണുന്നു. 18/09/2017-ലെ ക്ലോസിംഗ് ബാലൻസ് 1261/- രൂപയുടെ സ്റ്റാമ്പ് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
e mail - sc.directorate@gmail.com

**ഭരണഭാഷ - മാതൃഭാഷ**

**ഡെവ. ബി2 – 21575/17** **തീയതി : 24.10.2017**

അസിസ്റ്റന്റ് ഡയറക്ടർ
ദേശീയ പട്ടികജാതി കമ്മീഷൻ
ടി.സി 24/547(1), ശാസ്താ ഗാർഡൻസ്
തൈക്കാട്, തിരുവനന്തപുരം 14

സർ,

വിഷയം:- പട്ടികജാതി വികസനം- ദേശീയ പട്ടികജാതി കമ്മീഷൻ- നിർമ്മാണ ധനസഹായം ലഭിക്കുന്നതിന് ശ്രീമതി ദീപാ ബിനു സമർപ്പിച്ച അപേക്ഷ സംബന്ധിച്ച്.

സൂചന:-
1. ദേശീയ പട്ടികജാതി കമ്മീഷൻ അസിസ്റ്റന്റ് ഡയറക്ടറുടെ 11.07.2017 - ലെ VC/KL/15/0/F/25/2017 നമ്പർ കത്ത്
2. എറണാകുളം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 25.09.2017 - ലെ G3- 12280/17 നമ്പർ കത്ത്

******************

സൂചനയിലേയ്ക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. ഭവനനിർമ്മാണ ധനസഹായം ലഭിക്കുന്നതിനായി ദീപാ ബിനു സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ടിയാളെ ഭവനനിർമ്മാണത്തിനുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമസഭാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് 2017 - 18 വർഷം ധനസഹായം അനുവദിക്കുന്നതാണ് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,
**(ഒപ്പ്)**
**ഡയറക്ടർ**

**ഡയറക്ടർക്കു വേണ്ടി**
**ജോയിന്റ് ഡയറക്ടർ (വികസനം)**

*ഇ. എസ്. 01.11.17*

E ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

രജിസ്റ്റർ പരിപാലിക്കണമെന്ന കഴിഞ്ഞ ഓഡിറ്റിലെ നിർദ്ദേശം പാലിച്ചിട്ടില്ല. രജിസ്റ്റർ ഇപ്പോഴും സൂക്ഷിച്ചിരുന്നില്ല. രജിസ്റ്റർ പരിപാലിച്ച് അറിയിക്കേണ്ടതാണ്.

F റ്റി.ആർ.5 രസീത്, സ്റ്റോക്ക് രജിസ്റ്റർ

രസീത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

G അക്വിറ്റൻസ് ( സ്റ്റാഫ്)

1. 01/04/13 മുതൽ 16/01/15 വരെയുള്ള രജിസ്റ്ററിൽ പല ബില്ലുകൾക്ക് KTC Vol 432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതായി കാണുന്നു.

ഉദാ:- EBH-2/14-15 C/o 16/04/14 Rs.123906
EB-1/14-15 C/o 14/04/14 Rs.11655(N)
EB4-3/14-15 C/o 02/05/14 Rs.104289(N)

19/04/2014 മുതലുള്ള തീയതി മുതലുള്ള പേജുകളിൽ തുടർച്ചയായി സർട്ടിഫിക്കറ്റ് എഴുതാതിരിയ്ക്കുന്നതിന്റെ കാരണം വിശദീകരിയ്ക്കേണ്ടതാണ്.

2. 31/01/15 മുതൽ 09/03/17 വരെയുള്ള രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ 432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് പേജ് 1 മുതൽ രേഖപ്പെടുത്തുന്നില്ല.
3. 10/03/17 മുതലുള്ള രജിസ്റ്ററിനും പേജ് സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിച്ചിട്ടില്ല. ബില്ലിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് എടുത്തു രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല. 432(ഡി) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

H അക്വിറ്റൻസ്- എസ്.സി.പ്രൊമോട്ടർമാർ

1. 19/07/13 മുതൽ 31/03/16 വരെ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സൂക്ഷിച്ചിട്ടില്ല.
2. പല പേമെന്റുകൾക്കും KTC Vol 432(d) പ്രകാരമുള്ള സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി വരുന്നില്ല.

ഉദാ: 16/14-15 C/o 05/09/14
17/14-15 C/o 05/09/14
18/14-15 C/o 26/09/14

രജിസ്റ്ററിൽ തുടർന്നുള്ള പേജുകളും ടി സർട്ടിഫിക്കറ്റും എഴുതി വരുന്നില്ല.
ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
*Email – sc. directorate@gmail.com*


---

**എഡ്യു. ബി2 – 37294/16** **തീയതി 27.10.2017**

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
തൃശ്ശൂർ

സർ,

വിഷയം:- പട്ടികജാതി വികസനം- ഇഗ്രാൻസ് : അനുമതി ഉത്തരവിലെ അപാകത പരിഹരിക്കണമെന്നതു സംബന്ധിച്ച്.

സൂചന:-
1. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി സീനിന്റെ 30.11.2016 തീയതിയിലെ അക്കൗണ്ട് (1) 3821/15 (11) നമ്പർ കത്ത്.
2. ഈയാഫീസിലെ 31.12.2016 തീയതിയിലെ ഇതേ നമ്പർ കത്ത്.

****************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായ ശ്രീ. രാജിൻ.ടി.ആർ-ന്റെ അനുമതി ഉത്തരവിലെ പിഴവ് പരിശോധിച്ചു ആവശ്യമായ നടപടി സ്വീകരിച്ചു വിവരം റിപ്പോർട്ട് ചെയ്യുവാൻ സൂചന (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല.

ശ്രീ. രാജിൻ.ടി.ആർ-ന്റെ ശരിയായ അക്കൗണ്ട് നമ്പർ ഇഗ്രാൻസ് സൈറ്റിൽ അപ്ഡേറ്റ് ചെയ്ത് ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വിവരം ഈ കത്തു ലഭിച്ചു 7 ദിവസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
**ഡയറക്ടർക്കുവേണ്ടി**
**ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)**

**ആജ്ഞാനുസരണം**

**സൂപ്രണ്ട്**

*ഇ. എസ്. 02.11.2017*

Incumbancy Register

(I) ~~ഇൻസെന്റീവ് രജിസ്റ്റർ~~

രജിസ്റ്റർ പരിപാലിച്ചു വരുന്നുണ്ട്. നിശ്ചിത ഫോമിലുള്ള രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. ഇപ്പോൾ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നു. രജിസ്റ്ററിൽ ചെലവായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ SCDO സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(J) വിവാഹധനസഹായ രജിസ്റ്റർ

1. രജിസ്റ്റർ പരിപാലിച്ചു വരുന്നു. പല ഗുണഭോക്താക്കളുടേയും വിവാഹ സർട്ടിഫിക്കറ്റുകൾ തിരികെ നൽകിയിട്ടില്ല. അവ വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.
2. പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് അയയ്ക്കുന്ന വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. രജിസ്റ്റർ ടി പദ്ധതിയുടെ അക്വിറ്റൻസായി കൂടി ഉപയോഗിച്ചു വരുന്നു. എന്നാൽ തുക മാറിയ ബിൽ വിവരങ്ങൾ, ഡി.ഡി. ഡീറ്റെയിൽസ് ഇവ എഴുതി സൂക്ഷിച്ചു വരുന്നില്ല.
4. രജിസ്റ്ററിൽ പല പേമെന്റുകളും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (12-13 -ലുള്ള രജിസ്റ്ററിൽ പേജ് 50 മുതൽ 75 വരെ)

(K) ഡി.ഡി.രജിസ്റ്റർ

രജിസ്റ്റർ പരിപാലിച്ച് വരുന്നു. ടി രജിസ്റ്ററിൽ ആനുകൂല്യ വിതരണ അക്വിറ്റൻസായും സൂക്ഷിച്ചു വരുന്നു. എന്നാൽ പേമെന്റുകൾ ഏറെയും പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(L) സർവ്വീസ് ബുക്കുകൾ

M. മായ.എൽ.ഡി ക്ലാർക്ക്

a) GPF, SLI, GIS, Nomination പേപ്പറുകൾ സർവ്വീസ് ബുക്കിൽ സൂക്ഷിച്ചിട്ടില്ലാത്തതായി കാണുന്നു.

b) 02/04/16, 11/08/17 തീയതികളിൽ 30 ദിവസം വീതം ആർജ്ജിത അവധി സറണ്ടർ ചെയ്തിരിക്കുന്നു. എന്നാൽ ലീവ് അക്കൗണ്ടിൽ പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

c) G.O.(p) No.7/2016/Fin dated 20/01/16 പ്രകാരം Pay revise ചെയ്തിരിക്കുന്നു. എന്നാൽ പേ ഫിക്സേഷൻ സ്റ്റേറ്റ്മെന്റ് -ൽ ഓഫീസർ ഒപ്പിട്ടിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

d) G.O.(p) No.75/2007/Fin dated 27/02/2007 പ്രകാരം Earned leave ~~receive~~ recast ചെയ്ത് ലീവ് അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 20 | WBC 157 | Book Bank | 2225-01-277-98-12 | 920900 | 503000 | 417900 | | | | 0 | 54.62 | |
| | | Advocate Grant | | 16500 | 16500 | 0 | 2 | 1 | 1 | 2 | 100.00 | |
| | | GOI Scholarship | | 2961358 | 1861392 | 1100006 | 36 | | | 36 | 62.86 | |
| 21 | WBC 167 | Upgradation of merit of SC students | 2225-01-277-7[illegible] | 0 | 0 | | | | | 0 | | |
| 22 | WBC 28[illegible] | Pre-matric Scholarships to the Children of those engaged in unclean occupations | 2225-01-277-5[illegible] | 0 | 0 | | | | | 0 | | |
| 23 | WBC 27[illegible] | Construction of Girls' hostels(post matric)-Babu Jagjivan Ram Chhatrawas Yojana (100% CSS) | 4225-01-277-91 | 0 | 0 | | | | | 0 | | |
| 24 | WBC 27[illegible] | Prematric Scholarship for SC Students studying in classes 9 and 10 (100% CSS) | 2225-01-277-59 | 0 | 0 | | | | | 0 | | |
| | | Sub total 100% CSS | | 4920900 | 3402994 | 1517906 | | | | | 69.15 | |
| | | Total Central Schemes | | 6754150 | 4640494 | 2113656 | | | | | 68.71 | |
| | | GRAND TOTAL | | 3.9E+08 | 212571160 | 1.76E+08 | | | | | 54.72 | |

Kozhikode
01.11.2017

District Development Officer for Scheduled Caste
Kozhikode

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ: പി.എം. അലി അസ്ഗർ പാഷ, ഐ.എ.എസ്)

വിഷയം :- പട്ടികജാതി വികസനം - [illegible] ഇറാനിലെ ടെഹ്റാനിലുള്ള Shahid Beheshi University- യിൽ വച്ചു നടക്കുന്ന ASIALICS എന്ന അന്താരാഷ്ട്ര കോൺഫറൻസിൽ പങ്കെടുക്കുന്നതിന് ശ്രീ. രാജീവ്.വി ക്ക് അനുവദിച്ച യാത്രാസഹായം തുക മാറി നൽകുന്നതിന് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- സ.ഉ(സാധാ)നം. [illegible]/17/പജ പവ വിവ തീയതി 10.10.2017.

ഉത്തരവ് നം. എഡ്യു. എ2- 24492/17 തീയതി 02.11.2017

ഇറാനിലെ ടെഹ്റാനിലുള്ള Shahid Beheshi University- യിൽ വച്ചു നടക്കുന്ന ASIALICS എന്ന അന്താരാഷ്ട്ര കോൺഫറൻസിൽ പങ്കെടുക്കുന്നതിന് ശ്രീ. രാജീവ്.വി, തണൽവീട്, ഉമ്പർനാട്, മാവേലിക്കര എന്നയാളിന് Paper presentation ന് അവസരം ലഭിച്ചിട്ടുണ്ടെന്നും ആയതിൽ പങ്കെടുക്കുന്നതിനായി ടെഹ്റിനിലേക്ക് പോകുന്നതിനായി 70,000/- രൂപ യാത്രാസഹായമായി ലഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയും ആയത് പരിഗണിച്ച് ടിയാന് 7,000 രൂപ അനുവദിച്ച് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ ശ്രീ. രാജീവിന് അനുവദിച്ച 70,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-98 പോസ്റ്റ്മെട്രിക്കുലേഷൻ സ്റ്റഡീസ് സ്കോളർഷിപ്പ് ആന്റ് സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് മാറി നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. അനുവദിച്ച തുക ശ്രീ. രാജീവ്. വി- യുടെ, SBI Kumily ബ്രാഞ്ചിലെ 67276555075 എന്ന അക്കൗണ്ടിൽ (IFSC Code SBIN0070132) ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

പകർപ്പ്:
1. എസ്റ്റാ.സി2
2. ശ്രീ. രാജീവ്. വി
3. കരുതൽ/അധികം

ഇ എസ് 03.11.17

രാധ, .രാമച്ചം വീട്ടിൽ HG വാർഡൻ

സർവ്വീസ് വെരിഫിക്കേഷൻ 31/03/2013 വരെ മാത്രമേ നടത്തിയിട്ടുളളൂ.

P. അംബിക, PTS

a) Photograph ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
b) Education Qualification, Personal marks of Identification ഇവ ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല
c) 2016-17 സാമ്പത്തിക വർഷത്തിൽ 30/04/16-ലും 17/03/17-ലും രണ്ടു തവണ 30 ദിവസം വീതം ആർജ്ജിത അവധി സറണ്ടർ ചെയ്തിരിക്കുന്നതായി കാണുന്നു. ഒരു സാമ്പത്തിക വർഷം ഒരു ജീവനക്കാരന് സറണ്ടർ ചെയ്യാവുന്ന ആർജ്ജിതാവധി 30 ദിവസമായിരിക്കെ ഇത്തരത്തിൽ ക്രമവിരുദ്ധമായി സറണ്ടർ അനുവദിച്ച നടപടി വിശദീകരിയ്ക്കേണ്ടതാണ്. അധികമായി അനുവദിച്ച തുക ഗവൺമെന്റിൽ ഒടുക്കി വിവരം അറിയിയ്ക്കേണ്ടതാണ്.

റെജി. P. ഓഫീസ് ~~അസിസ്റ്റന്റ്~~ അറ്റൻഡന്റ്

a) GPF, GIS, SLS നോമിനേഷൻ പേപ്പറുകൾ സർവീസ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.
b) 27/05/14 മുതൽ 10/12/15 വരെയുള്ള കാലയളവിൽ ടി ജീവനക്കാരി 19 ദിവസം കമ്മ്യൂട്ടഡ് ലീവ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ 18/04/15 മുതൽ 07/04/16 വരെ കാലയളവിലെ ആർജ്ജിത അവധി കണക്കാക്കിയിരിക്കുന്നത് 19 ദിവസം കുറവ് ചെയ്യാനായാണ്. ടി നടപടി ചട്ടവിരുദ്ധമാണ്. ആയതിന് വിശദീകരണം നൽകേണ്ടത്. അവധി കണക്കിൽ തിരുത്തൽ വരുത്തി അറിയിക്കേണ്ടതാണ്.

## Part II

### വിവിധ പദ്ധതികൾ

**I ടോയ്‌ലറ്റ് നിർമ്മാണം**

**a)** ടി പദ്ധതി പ്രകാരം 2014-15 വർഷം 57 ഗുണഭോക്താക്കൾക്കായി 1425000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 വർഷം 55 ഗുണഭോക്താക്കൾക്കായി 1112500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ധനവിനിയോഗസർട്ടിഫിക്കറ്റ് എ.ജി.യ്ക്കയച്ച് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
email – scdirectorate@gmail.com

Fin. B2 – 24521/17 തീയതി :24.08.2017.

ഡയറക്ടർ

ട്രെയിനിംഗ് ഇൻസ്പെക്ടർ,
ഉത്തര മേഖല, സിവിൽ സ്റ്റേഷൻ,
കോഴിക്കോട്.

സർ,

വിഷയം :- പട്ടികജാതി വികസനം - വകുപ്പ്തല പരിശോധനാകുറിപ്പ്- ഐ.ടി.ഐ. എടത്തിരുത്തി - തൃശൂർ 01/04/2008 മുതൽ 31/03/2012 വരെ ന്യൂനതാ പരിഹരണം സംബന്ധിച്ച്.

സൂചന :- ഫിൻസി ഓഡിറ്റ് വിഭാഗം സമർപ്പിച്ച റിപ്പോർട്ട്.

**********

എടത്തിരുത്തി ഗവ. ഐ.ടി.ഐ.യിലെ 01/04/2008 മുതൽ 31/03/2012 വരെയുള്ള കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. റിപ്പോർട്ട് പരിശോധിച്ച്, വ്യക്തമായ മറുപടി തയ്യാറാക്കി താങ്കളുടെ ശുപാർശയടക്കം 15 ദിവസത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്. പരിശോധന കാലയളവിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ബാധ്യത ഉണ്ടെങ്കിൽ ആയത് കൂടി നിജപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഫിനാൻസ് ഓഫീസർ

ആജ്ഞാനുസരണം,

സൂപ്രണ്ട്.

പകർപ്പ് :-
ട്രെയിനിംഗ് സൂപ്രണ്ട്,
ഐ.ടി.ഐ.,
[illegible], എടത്തിരുത്തി,
തൃശൂർ.

RL 30.8.17 (S)

**b)** 2015-16 വർഷം ആകെ അനുവദിച്ച 55 ഗുണഭോക്താക്കളിൽ 34 പെരുടെ ടോയ്‌ലറ്റ് നിർമ്മാണം മാത്രമേ പൂർത്തിയായിട്ടുള്ളു. ബാക്കിയുള്ള 21 പേരുടെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**II സ്പെഷ്യൽ ഇൻസെന്റീവ്**

2014-15 വർഷം 69 വിദ്യാർത്ഥികൾക്കായി 157500/- രൂപ അനുവദിച്ചിട്ടുണ്ട്. 2015-16 വർഷം 109 വിദ്യാർത്ഥികൾക്കായി 251500/-രൂപയും 2016-17 വർഷം 85 വിദ്യാർത്ഥികൾക്കായി 166500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ച് ~~വിവരം അയച്ച്~~ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**III ~~സ്പെഷ്യൽ ഇൻസെന്റീവ്~~** പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

**a)** ടി പദ്ധതി പ്രകാരം 2014-15 വർഷം 64 സ്കൂളുകൾക്കായി 16,68,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 ~~2016-17~~ വർഷം 65 ~~64~~ സ്കൂളുകൾക്കായി 15,70,000/-രൂപ~~യും~~ ചെലവഴിച്ചിട്ടുണ്ട്. (R) ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(R) 2016-17 വർഷം 64 സ്കൂളുകൾക്ക് 15,62,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

**b)** 2015-16 വർഷം 1626000/- രൂപ അനുവദിച്ചിരുന്നുവെങ്കിലും ആയതിൽ 1590000/- രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ബാക്കി 36000/- തിരിച്ചടച്ചിട്ടുണ്ട്. തിരിച്ചടയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

**IV വിവാഹധനസഹായ പദ്ധതി**

ടി പദ്ധതി പ്രകാരം 2014-15 വർഷം 28 ഗുണഭോക്താക്കൾക്കായി 14,00,000/- രൂപ 2015-16 വർഷം 21 പേർക്കായി 1050000/-= രൂപ 2016-17 വർഷം 12 പേർക്കായി 6,00,000/- രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**V മിശ്രവിവാഹ ധനസഹായ പദ്ധതി**

2014-15 വർഷം 8 പേർക്ക് 400000/- രൂപയും 2015-16 വർഷം 9 പേർക്ക് 4,50,000/- രൂപ 2016-17 വർഷം 10 പേർക്ക് 5,00,000/- രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**VI വിജ്ഞാൻവാടി**

ടി ബ്ലോക്കിനു കീഴിൽ തലക്കുളത്തൂർ പഞ്ചായത്തിൽ ആകെ ഒരു വിജ്ഞാൻവാടി മാത്രമാണുള്ളത്. ആയത് നിലവിൽ പ്രവർത്തനരഹിതവുമാണ്. ടി വിജ്ഞാൻവാടി മലമുകളിൽ ഒറ്റപ്പെട്ടു കിടക്കുന്നതായി അറിയുവാൻ കഴിഞ്ഞു. ടി സ്ഥലത്തേക്ക് പ്രൊമോട്ടർമാർ പോകാറില്ല. വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ടിരിക്കുന്നു. ടി

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
*Email – sc.directorate@gmail.com*


**ഡെവ. ബി3 – 23497/17** **തീയതി : 03.11.2017**

ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
ഗവ:സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം :- പട്ടികജാതി വികസനം- അതിക്രമം തടയൽ- ശ്രീകാര്യത്ത് ദളിത് യുവാവായ ശ്രീ.രാജേഷ് കൊലപാതകം- സംബന്ധിച്ച്

സൂചന :-
1. 28.09.2017 - ലെ SCSTDD-F3/118/2017-SCSTDD നമ്പർ സർക്കാർ കത്ത്
2. 19.08.2017 ലെ നമ്പർ എ4- 5750/17(2) തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്ത്

***************

സൂചന പ്രകാരം ശ്രീകാര്യത്ത് ദളിത് യുവാവായ ശ്രീ.രാജേഷ് കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കേസ് നിലവിൽ പി.ഒ.എ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിക്രമത്തിന് ഇരയായ വ്യക്തിയുടെ കുടുബത്തിന് (ടിയാന്റെ ഭാര്യ ശ്രീമതി റീന) SC/ST POA Amend Rule 2016 പ്രകാരം 4,12,500/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ,

**ഡയറക്ടർക്കു വേണ്ടി**
**ജോയിന്റ് ഡയറക്ടർ (വികസനം)**

*ഇ എസ്. 03.11.17*

വിജ്ഞാൻവാടിയ്ക്കായി അനുവദിച്ച കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ പ്രവർത്തന രഹിതവും നശിച്ചു പോയ അവസ്ഥയിലുമാണെന്ന് ബന്ധപ്പെട്ട പ്രൊമോട്ടർ അറിയിച്ചിട്ടുണ്ട്. ബുക്കുകൾ ഉള്ളടക്കം ചെയ്തിട്ടുള്ള അലമാര തുറക്കാൻ കഴിയാത്ത അവസ്ഥയിലാണ്. 2014-15 വർഷം മുതൽ ടി വിജ്ഞാൻവാടിയുമായി ബന്ധപ്പെട്ട ഫയൽ വർക്കുകൾ നടക്കുന്നില്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

VII <u>ശ്രീ അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്</u>

a) ടി പദ്ധതി പ്രകാരം 2014-15 വർഷ് 10 വിദ്യാർത്ഥികൾക്കായി 45,000/- രൂപ 2015-16 വർഷം 10 വിദ്യാർത്ഥികൾക്കായി 45000/- 2016-17 വർഷം 10 വിദ്യാർത്ഥികൾക്കായി 45,000/- രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ച് കൊടുത്തിട്ടുള്ളതായി കാണുന്നില്ല. ആയത് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

IX <u>ഭൂരഹിത പുനരധിവാസ പദ്ധതി</u>

2014-15 വർഷം 14 ഗുണഭോക്താക്കൾക്കായി 5250000/- രൂപ 2015-16 വർഷം 8250000/- രൂപ, 9750000/- രൂപ 2016-17 വർഷം 26 ഗുണഭോക്താക്കൾക്കുമായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

X <u>ഭവനനിർമ്മാണ ധനസഹായം</u>

ഭവനനിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് ~~താഴെ~~ ചുവടെ ചേർക്കുന്നു.

| നം | വർഷം | ആകെ അനുവദിച്ചത് | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു | പൂർത്തീകരിച്ചത് |
|---|---|---|---|---|---|---|
| 1 | 2007-08 | 128 | 1 | 2 | 8 | 115 |
| 2 | 2008-09 | 90 | 1 | 2 | 9 | 78 |
| 3 | 2009-10 | 95 | 2 | 4 | 9 | 80 |
| 4 | 2010-11 | 48 | 1 | 1 | 7 | 39 |
| 5 | 2011-12 | 40 | 1 | 5 | 9 | 25 |
| 6 | 2012-13 | 35 | 2 | 6 | 2 | 25 |
| 7 | 2013-14 | 37 | 0 | 7 | 6 | 24 |
| 8 | 2014-15 | 21 | 3 | 5 | 4 | 9 |
| 9 | 2015-16 | 31 | 15 | 7 | 2 | 7 |
| 10 | 2016-17 | 103 | 32 | 34 | 24 | 13 |

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
Phone No. 0471-2737240, 0471-2737229, 0471-2737232
*Email – sc.directorate@gmail.com*

'ഭരണഭാഷ മാതൃഭാഷ'

ഡെവ. ബി3 – 23497/17 തീയതി : 03.11.2017

ഡയറക്ടർ

അസിസ്റ്റന്റ് ഡയറക്ടർ,
ദേശീയ പട്ടികജാതി കമ്മീഷൻ
TC-24/547(1), ശാസ്ത ഗാർഡൻസ്
റസിഡൻസ് റോഡ്, ഗവ. ഗസ്റ്റ് ഹൗസിന് സമീപം,
തിരുവനന്തപുരം - 695 014

സർ,

വിഷയം :- പട്ടികജാതി വികസനം - അതിക്രമം തടയൽ - ശ്രീകാര്യത്ത് ദളിത് യുവാവ് രാജേഷ് കൊല്ലപ്പെട്ടത് സംബന്ധിച്ച്.

സൂചന :-
1. അങ്ങയുടെ 05.10.2017 ലെ KL/31/62/2017 നമ്പർ കത്ത്
2. 19.08.2017 ലെ നമ്പർ എ4 - 5750/17(2) തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കത്ത്

***************

തിരുവനന്തപുരം ശ്രീകാര്യത്ത് ദളിത് യുവാവായ ശ്രീ.രാജേഷ് കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കേസ് നിലവിൽ പി.ഒ.എ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിക്രമത്തിന് ഇരയായ വ്യക്തിയുടെ കുടുബത്തിന് (ടിയാന്റെ ഭാര്യ ശ്രീമതി റീന) SC/ST POA (Amend) Rule 2016 പ്രകാരം 4,12,500/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് ശേഷിക്കുന്ന തുക അനുവദിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**ഡയറക്ടർക്കു വേണ്ടി**
**ജോയിന്റ് ഡയറക്ടർ (വികസനം)**

ഇ എസ് 03 11 17

ധനവിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

XI ട്യൂഷൻ ഫീ റീ-ഇംബേഴ്സ്മെന്റ്

a) ടി പദ്ധതി പ്രകാരം 2014-15 വർഷം 35 വിദ്യാർത്ഥികൾക്കായി 55993/- രൂപയും 2015 -16 വർഷം 33 വിദ്യാർത്ഥികൾക്കായി 47991/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2016-17, 2017-18 വർഷം ടി പദ്ധതി പ്രകാരം തുക ചെലവഴിച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

b) ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയച്ചു കൊടുത്തതായി കാണുന്നില്ല. ആയത് അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

XII സ്വയം തൊഴിൽ ധനസഹായ പദ്ധതി

a) 09/06/14-ന് ശേഷം ടി പദ്ധതി പ്രകാരം തുക വിതരണം നടത്തിയതായി കാണുന്നില്ല. 2015-16, 2016-17 വർഷങ്ങളിൽ പദ്ധതി പ്രകാരം അപേക്ഷകൾ മേലാഫീസിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ടി പദ്ധതി ഇപ്രകാരം നിശ്ചലാവസ്ഥയിലാകാനുള്ള സാഹചര്യം വിശദീകരിയ്ക്കേണ്ടതാണ്.

XIII വിദേശ തൊഴിൽ ധനസഹായം

a) ടി പദ്ധതി പ്രകാരം ടി ബ്ലോക്കിൽ നിന്നും നാളിതു വരെ ധനസഹായം അനുവദിച്ചതായി കാണുന്നില്ല. പദ്ധതി നടത്തിപ്പിൽ ഗുരുതര വീഴ്ചയുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

XIV ഭവന പുനരുദ്ധാരണ പദ്ധതി

ടി പദ്ധതി പദ്ധതി പ്രകാരം ഭവനപുനരുദ്ധാരണത്തിനായി 1-ാം ഗഡു മാത്രം നൽകി പണി പൂർത്തികരിക്കാത്തവർ 2013-14 മുതൽ ഉണ്ടെന്നു കാണുന്നു. അപ്രകാരം പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം ബോധിപ്പിക്കേണ്ടതാണ്. എത്രയും വേഗം പണി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് എ.ജി.യ്ക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്
### (നിലവിൽ പി.എം. അലിഅസ്ഗർ പാഷ.ഐ.എ.എസ്.)

വിഷയം :- പട്ടികജാതി വികസനം- ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ആഫീസിൽ ഒരു പ്രിന്ററും രണ്ട് 600VA UPS- ഉം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സൂചന :- ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ 29.05.2017 ലെ കെ1-952/17-ാം നമ്പർ കത്ത്.

---

**ഉത്തരവ് നം. റ്റി3-18415/17** **തീയതി : 02.11.2017**

---

പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിൽ നിലവിൽ ഒരു പ്രിന്റർ വാങ്ങുന്നതിനും 2 600VA UPS-കൾ വാങ്ങുന്നതിനും അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർ പ്രൊപ്പോസൽ ശുപാർശ സഹിതം അയച്ചു തന്നിരിക്കുന്നു.

ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചതിൽ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു പ്രിന്ററും രണ്ട് 600VA UPS-ഉം വാങ്ങേണ്ടത് ആവശ്യമാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ ഉത്തരമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറുടെ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് എ.സ്.പി.ആർ പാലിച്ച് ഒരു പ്രിന്ററും രണ്ട് 600VA UPS-കളും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-277-57-34 OC (P) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യാവുന്നതാണ്.

ഉത്തര മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ എസ്.പി.ആർ പ്രകാരം നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ട്രെയിനിംഗ് ഇൻസ്പെക്ടർ
ഉത്തരമേഖല

(ഒപ്പ്)
**ഡയറക്ടർ**

**ഡയറക്ടർക്കുവേണ്ടി**
**ട്രെയിനിംഗ് ഓഫീസർ**

*പകർപ്പ്:-*

1. *ഫിൻ സെക്ഷൻ / പ്ലാനിംഗ് സെക്ഷൻ*
2. *ട്രെയിനിംഗ് ഓഫീസർ*
3. *ടെക് സെക്ഷൻ സൂപ്രണ്ട്*
4. *കരുതൽ / സ്പെയർ*

*ഇ.എസ്. 03.11.17*

## XV പൊതു അഭിപ്രായം

ഓഫീസ് പ്രവർത്തനം താരതമ്യേന തൃപ്തികരമാണ്. എന്നാൽ പദ്ധതികളുടെ നടത്തിപ്പിൽ മറ്റ് ബ്ലോക്കുകളെ അപേക്ഷിച്ച് വളരെ പിന്നോക്കമാണെന്ന് കാണുന്നു. സ്വയംതൊഴിൽ, വിദേശത്ത് തൊഴിൽ നേടുന്നതിന് ധനസഹായ പദ്ധതി തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നില്ല എന്ന കാണുന്നു. പദ്ധതി നടത്തിപ്പ് ഊർജ്ജിതപ്പെടുത്തുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

(ഒപ്പ്)
ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

എം.ബി.

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ.പി.ഒ., തിരുവനന്തപുരം-3**

**ഫോൺ : 0471 2737240, 0471 2737229, 0471 2737232**

**email - sc.directorate@gmail.com**

---

**അടിയന്തിരം**

ഡെവ. എ2- ~~26202/17~~ 26241/12

തീയതി: 22.09.2017

ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ആഫീസർ

എറണാകുളം

സർ,

വിഷയം:- പട്ടികജാതി വികസനം - ദേശീയ പട്ടികജാതി കമ്മീഷന്റെ കേരള സന്ദർശനം - പട്ടയം അനുവദിച്ചു നൽകണമെന്ന ശ്രീമതി ഷീബാ വിജയൻ-ന്റെ അപേക്ഷ സംബന്ധിച്ച്.

സൂചന:- ദേശീയ പട്ടികജാതി കമ്മീഷൻ ഡയറക്ടറുടെ 13/07/17-ലെ VC/kL/15/MISC/9/2017 നമ്പർ കത്ത്.

************************************

സൂചന പ്രകാരം ലഭിച്ച ശ്രീമതി ഷീബാ വിജയൻ പട്ടയം അനുവദിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്ത് അയയ്ക്കുന്നു. പ്രസ്തുത അപേക്ഷയിൻമേലുള്ള റിപ്പോർട്ട് മടക്കത്തപാലിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡയറക്ടർക്കു വേണ്ടി

ജോയിന്റ് ഡയറക്ടർ (വികസനം)

ആജ്ഞാനുസരണം

സൂപ്രണ്ട്

എം.ബി.22/9/17